# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/163/2018 2018 ജൂലൈ 27

## പത്രക്കുറിപ്പ്

**എം.ജി. ഡിഗ്രി ഏകജാലകം: എസ്.സി./എസ്.ടി. വിഭാഗക്കാർക്കുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ നാളെ (ജൂലൈ 29) വരെ**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം എസ്.സി./എസ്.ടി. അപേക്ഷകർക്കും വേണ്ടി രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റ് നടത്തും. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ്വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. അപേക്ഷകന്റെ പിന്നീടുള്ള ആവശ്യങ്ങൾക്കായുള്ള ആപ്ലിക്കേഷൻ നമ്പർ പുതുതായി ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പരായിരിക്കും. ലോഗിൻ ചെയ്തശേഷം അപേക്ഷകനു താൻ നേരത്തെ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ അലോട്ട്മെന്റ് ലിസ്റ്റ് ആഗസ്റ്റ് 1ന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പ്രത്യേക അലോട്ട്മെന്റ് സ്പോട് അലോട്ട് മെന്റല്ല. ഓപ്ഷൻ രജിസ്ട്രേഷൻ നാളെ വൈകീട്ട് 5 മണി വരെ നൽകാം.

**എം.ജി. പി.ജി. ഏകജാലകം: രണ്ടാം അലോട്ട്മെന്റിൽ അർഹത നേടിയവർ ജൂലൈ 30ന് മുമ്പായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള പി.ജി. പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈൻ പേമെന്റ് ഗേറ്റ്വേ വഴി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ജൂലൈ 30ന് വൈകീട്ട് 4 മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനത്തിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. കോളേജിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനുശേഷം 'കൺഫർമേഷൻ സ്ലിപ് കോളേജധികൃതരിൽ നിന്നും ചോദിച്ചു വാങ്ങേണ്ടതും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്ലോഡ് ചെയ്തിട്ടുണ്ടെന്നുറപ്പുവരുത്തേണ്ടതുമാണ്.

**എം.ജി. പി.ജി. ഏകജാലകം: കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടാ പ്രവേശനത്തിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പി.ജി. പ്രോഗ്രാമുകളിലേക്കുള്ള കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിലെ റാങ്ക് ലിസ്റ്റ് കോളേജ് നോട്ടീസ് ബോർഡുകളിൽ ഇന്ന് പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റ് ക്യാപ് വെബ്സൈറ്റിൽ ജൂലൈ 30ന് പ്രസിദ്ധീകരിക്കും. കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിലേക്കുള്ള പ്രവേശനം ജൂലൈ 30 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തും.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (സി.എസ്.എസ്. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 7 വരെ അപേക്ഷിക്കാം.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ എൽ.എൽ.എം. (ഏകവത്സരം) കോഴ്സിലേക്ക് പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽ രണ്ടുവീതം സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ ജൂലൈ 31ന് രാവിലെ 11 മണിക്ക് അസ്സൽ രേഖകളുമായി വകുപ്പ് മേധാവിയുടെ മുമ്പാകെ ഹാജരാകണം.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2018 പ്രവേശനത്തിന് എം.എസ്.സി. കെമിസ്ട്രിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ മൂന്ന് സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 31ന് രാവിലെ 10 മണിക്ക് ഹാജരാകണം. ഫോൺ: 0481 - 2731036.

**പ്രവേശന തീയതി മാറ്റിവച്ചു**

സ്കൂൾ ഓഫ് ബയോസയൻസസ് ഡിപ്പാർട്ട്മെന്റിൽ 2018-19 അക്കാദമിക വർഷത്തെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ ജൂലൈ 30ന് നടത്താനിരുന്ന പ്രവേശനം ജൂലൈ 31ലേക്ക് മാറ്റിവച്ചു.

**ശില്പശാല മാറ്റിവച്ചു**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (IUCDS) ജൂലൈ 30, 31 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ശില്പശാല (പഠനവൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ, അദ്ധ്യാപകർ, വൈകല്യ പഠന ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്കായുള്ള പരിഹാര പരിശീലനവും കൗൺസലിങ് ക്ലാസ്സും) ആഗസ്റ്റ് 1, 2 തീയതികളിലേക്ക് മാറ്റിവച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731580, 9846735917.

**പെൻഷൻകാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

കേരള സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനായി സർവ്വകലാശാലയിൽ നിന്നും വിരമിച്ച ജീവനക്കാർക്കും, കുടുംബ പെൻഷൻകാർക്കും പേരുവിവരങ്ങൾ employee.mgu.ac.in എന്ന വെബ്സൈറ്റിലെ Pensioners Portalൽ ആഗസ്റ്റ് 8 വരെ നൽകാവുന്നതാണ്. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിലെ Pensioners Portal എന്ന ലിങ്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2733305.

**ഐ.സി.എസ്.എസ്.ആറിൽ ഗവേഷക ഫെല്ലോഷിപ്പ്**

കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തിന് കീഴിലുള്ള പ്രമുഖ ഗവേഷണ സ്ഥാപനമായ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച് (ICSSR New Delhi)ലേക്ക് 2018-19 അക്കാദമിക വർഷത്തിൽ ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ സീനിയർ ഫെല്ലോഷിപ്പിന് ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. മാർഗ്ഗനിർദ്ദേശങ്ങളും യോഗ്യതാ നിബന്ധനകളും അപേക്ഷാഫോറവും www.icssr.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷാ പരിശീലനം**

കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്ക് തസ്തികകളിലേക്കുള്ള നിയമനത്തിനായി നടത്തുന്ന പരീക്ഷയ്ക്കുള്ള തീവ്ര പരിശീലന പരിപാടി മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ഉടൻ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**